**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11** **08-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം. എം. മണി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ എം നൗഷാദ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ജനങ്ങൾക്ക് ഗുണനിലവാരമുള്ള നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | സർക്കാരിന്റെ വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സ്ഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി എല്ലാ റേഷൻ കാർഡുടമകൾക്കും വിൽപ്പന നടത്തിവരുന്നു. ഈ സാധനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിക്കുകയില്ല എന്ന സർക്കാർ നയത്തിനനുസൃതമായി 2016 മെയ് മാസം മുതൽ ഈ 13 ഇനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. പൊതു വിപണിയേക്കാൾ 28 മുതൽ 74 ശതമാനം വരെ വിലക്കുറവിലാണ് സപ്ലൈകോ ഈ 13 ഇനം സബ്സിഡി സാധനങ്ങൾ വിൽപ്പന നടത്തുന്നത്. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിന് 1383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല. പ്രതിമാസം ശരാശരി 35 ലക്ഷത്തിലധികം റേഷൻ കാർഡുടമകൾ ഈ സബ്സിഡി പദ്ധതി പ്രയോജനപ്പെടുത്തുന്നുണ്ട്.<br><br>ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി. |

സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ നിയമ പ്രകാരമുള്ള ടാർജറ്റ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റു വകുപ്പു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചു ചേർക്കുകയും കരിഞ്ചന്ത-പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നല്കുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്.

ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് ആകെ 2612 പരിശോധനകൾ നടത്തുകയും 760

| | | | |
|---|---|---|---|
| | | | ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്.<br><br>അവശ്യ വസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ ‘Price Monitoring Cell’ പ്രവർത്തിച്ചു വരുന്നു. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്കു വകുപ്പിന്റെ സഹായത്തോടെ PMS ആപ്പിൽ upload ചെയ്തു വരുന്നു. കൂടാതെ ടി വിലകൾ കേന്ദ്ര സർക്കാർ തലത്തിൽ പരിശോധിക്കുകയും ചെയ്തു വരുന്നു.<br><br>പൊതുവിപണിയിൽ വില നിരീക്ഷണം സംബന്ധിച്ച് കേന്ദ്രസംസ്ഥാന സർക്കാരുകൾ വിഭാവനം ചെയ്തിട്ടുള്ള രീതിയിൽ വില ശേഖരണം നടപ്പിൽ വരുത്തുന്നതിനും, സർക്കാരിന് കാര്യക്ഷമമായ ഇടപെടൽ പൊതുവിപണിയിൽ നടത്തുന്നതിനും കഴിയുന്നുണ്ട്. |
| (ബി) | പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന സംസ്ഥാനങ്ങൾക്കുള്ള ഭക്ഷ്യധാന്യങ്ങൾ വെട്ടിക്കുറച്ച കേന്ദ്ര സർക്കാർ നടപടി തിരുത്തുന്നതിനാവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള അലോട്ട്മെന്റിൽ നിലവിൽ കുറവു വരുത്തിയിട്ടില്ല. എന്നാൽ ഓരോ മാസത്തിലും അനുവദിച്ചിരിക്കുന്ന അളവിൽ കൂടുതൽ വിതരണം വന്നാൽ (മുൻ മാസത്തെ നീക്കിയിരിപ്പ് കൂടി ചേർത്ത് വിതരണം നടത്തിയാൽ) ആയതിനു MSP നിരക്കിലുള്ള വില അടവാക്കേണ്ടതായി വരുന്നുണ്ട്. ടൈഡ് ഓവർ വിഹിതത്തിന്മേലുള്ള monthly ceiling ഒഴിവാക്കണമെന്നും പരിധി കടന്നാൽ പിഴ ഈടാക്കുന്നത് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്ര പൊതുവിതരണ വകുപ്പ് മന്ത്രിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ ടൈഡ് ഓവർ വിഹിതമായി ലഭ്യമായി വന്നിരുന്ന 6459.074 മെട്രിക് ടൺ ഗോതമ്പ് കുറവ് ചെയ്ത് പകരം അത്രയും അളവ് അരിയാണ് 2022 ജൂൺ മുതൽ ലഭ്യമായി വരുന്നത്. അതിനാൽ Non NFSA വിഭാഗത്തിന് ആട്ട നല്കാൻ കഴിയുന്നില്ല എന്ന് മാത്രമല്ല 6.10 രൂപയ്ക്ക് ലഭിച്ചു കൊണ്ടിരുന്ന ഗോതമ്പിനു പകരം 8.30 രൂപ നൽകി അരി വാങ്ങി വിതരണം നടത്തുമ്പോൾ സർക്കാരിനു സാമ്പത്തിക ബാധ്യതയും ഉണ്ടാകുന്നു. പ്രസ്തുത ഗോതമ്പ് വിഹിതം പുനഃസ്ഥാപിക്കുന്നതിന് കത്തു മുഖേനയും നേരിട്ടും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ഇതുവരെ നടപടിയുണ്ടായിട്ടില്ല. |
| (സി) | സംസ്ഥാന സർക്കാരിന്റെ വിവിധ പദ്ധതികൾക്കായി അരി, ഗോതമ്പ് എന്നിവ വിതരണം ചെയ്യേണ്ടതില്ലെന്ന് ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് | (സി) | ഇപ്രകാരം FCI യ്ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ FCI വഴിയുള്ള Open Market Sales Scheme (OMSS) വഴി ടെൻഡറിലൂടെ MSP റേറ്റിൽ അരി വാങ്ങാനുള്ള സൗകര്യത്തിൽ നിന്നും സംസ്ഥാന സർക്കാരുകളെ ഇപ്പോൾ |

| | | | |
|---|---|---|---|
| | സംസ്ഥാനത്തെ പൊതുവിതരണ മേഖലയെ ഏതെല്ലാം തരത്തിലാണ് ബാധിക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | | ഒഴിവാക്കിയിട്ടുണ്ട്. പ്രസ്തുത ഒഴിവാക്കൽ പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര മന്ത്രിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ